പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2280
05.11.2019 ലെ മറുപടിയ്ക്ക്

**ഹരിഹരന്റെ കുടുംബ പെൻഷൻ കുടിശ്ശിക**

ചോദ്യം :
**ശ്രീ.ബി.ഡി. ദേവസ്സി**
എം.എൽ.എ

ഉത്തരം :
ഡോ.തോമസ് ഐസക്ക്
(ബഹു.ധനകാര്യ വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ | കുടുംബ പെൻഷൻ കുടിശ്ശിക സഹിതം ലഭിക്കുന്നതു സംബന്ധിച്ച ഹരിഹരൻ, തെക്കേമഠത്തിൽ,കുടപ്പുഴ, ചാലക്കുടിയുടെ അപേക്ഷയിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | ശ്രീ.ഹരിഹരന്റെ അപേക്ഷ ധനവകുപ്പിൽ പരിശോധിക്കുകയും 29.10.2019 - ലെ പി.ഡബ്ല്യൂ.സി-എ 3/27/2019/ധന (കംപ്യൂട്ടർ നം.1130092) നമ്പർ കത്ത് പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുള്ളതുമാണ്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). |
| ബി | എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | |
| സി | ഹരിഹരന്റെ അപേക്ഷ പരിഗണിച്ച് കുടുംബപെൻഷൻ അനുവദിക്കുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

പി.ഡബ്ള്യൂ.സി-എ 3/27/2019/ധന
കംപ്യൂട്ടർ നം. 1130092

ധനകാര്യ (പി.ഡബ്ള്യൂ.സി-എ) വകുപ്പ്
തിരുവനന്തപുരം
തീയതി : 29/10/2019

**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

**ശ്രീ.ഹരിഹരൻ എൻ.എസ്**
**തെക്കേമഠത്തിൽ വീട്**
**കുടപ്പുഴ,ചാലക്കുടി പി ഒ**
**തൃശ്ശൂർ-680307**

സർ,

**വിഷയം** : കുടുംബപെൻഷൻ മുൻകാല പ്രാബല്യത്തിൽ അനുവദിക്കുന്നത് - സംബന്ധിച്ച് .

**സൂചന** : താങ്കൾ 06.08.2019 ൽ ബഹു. ചാലക്കുടി എം.എൽ. എ ശ്രീ.ബി.ഡി.ദേവസി മുഖേന ബഹു. ധനമന്ത്രിക്ക സമർപ്പിച്ച നിവേദനം .

Note 5 below Rule 90(6) Part III KSR ('01.03.2007-ലെ ജി.ഒ(പി)നം.88/07/ധന' ഉത്തരവ്) പ്രകാരം ഒരു പെൻഷണറുടെ മരണത്തെത്തുടർന്ന് ടിയാളുടെ 25 വയസിന് മേൽ പ്രായമുള്ള അവിവാഹിതരായ പെണ്മക്കൾ/അവശതയനുഭവിക്കുന്ന മക്കൾ 02 വർഷത്തിനുള്ളിൽ ഫോം 6 ലുള്ള അപേക്ഷയും യോഗ്യതാ സർട്ടിഫിക്കറ്റും സഹിതം കുടുംബപെൻഷന് അപേക്ഷിക്കുകയാണെങ്കിൽ പ്രസ്തുത ആനുകൂല്യം പെൻഷണറുടെ മരണത്തീയതി മുതൽ അപേക്ഷകർക്ക് നൽകുന്നതായിരിക്കും. എന്നാൽ പെൻഷണറുടെ മരണം കഴിഞ്ഞ് 02 വർഷത്തിന് ശേഷമാണ് അപേക്ഷിക്കുന്നതെങ്കിൽ യോഗ്യതാ സർട്ടിഫിക്കറ്റിന്റെ തീയതി മുതലാണ് കുടുംബപെൻഷന് അർഹത. ഈ കേസിൽ മാതാവിന്റെ 27.07.09-ലെ മരണത്തെതുടർന്ന് നിശ്ചിത സമയത്തിനുള്ളിൽ കുടുംബപെൻഷന് അപേക്ഷിക്കാത്തതിനാൽ, ശ്രീമതി. ലളിത എന്നാണോ കുടുംബ പെൻഷൻ മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിച്ചത്, പ്രസ്തുത സർട്ടിഫിക്കറ്റിന്റെ തീയതി മുതലായിരിക്കും ടിയാൾക്ക് പിതാവിന്റെ കുടുംബപെൻഷന് അർഹത.അതുകൊണ്ട് തന്നെ ശ്രീമതി. ലളിതയുടെ അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ല.

വിശ്വസ്തതയോടെ
കെ.രാജശ്രീ
**അഡീഷണൽ സെക്രട്ടറി**
ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ